# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **6815**

10.07.2014 – ൽ മറുപടിയ്ക്ക്

## ആയുർവേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് സൗജന്യ ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. ഉമ്മർ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ആയുർവേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് ചികിത്സ സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. 30.5.2014- തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 159/14/ആകുവ പ്രകാരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500/-രൂപയിൽ താഴെ വരുമാനമുള്ള മുഴുവൻ രോഗികൾക്കും എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി വരുമാന പരിധി വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത രോഗികൾ ആശുപത്രിയിൽ ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | ഇല്ല. എന്നാൽ വരുമാനം തെളിയിക്കുന്നതിനുവേണ്ടി റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, 500/- രൂപയിൽ താഴെ മാസ വരുമാനം കാണിക്കുന്ന വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നവർക്ക് സൗജന്യ ചികിത്സ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ